# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1942

11.02.2020-ൽ മറുപടിക്ക്

## സാമ്പത്തിക സംവരണം

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ജനറൽ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം നൽകാനായി സർക്കാർ ഇറക്കിയ ഉത്തരവ് ജി.ഒ.(പി)നം.1/2020/പി &എആർഡി 03.01.2020 ഇംഗ്ലീഷിലാണെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; സർക്കാർ ഉത്തരവുകൾ നിർബന്ധമായും മലയാളത്തിൽ ഇറക്കണമെന്ന പി &എ.ആർ.ഡി. യുടെ നിർദ്ദേശം നിലനിൽക്കുമ്പോൾ തന്നെ പി&എ.ആർ.ഡി. റൂൾസ് വിഭാഗം ഇത്തരത്തിൽ ഇംഗ്ലീഷിൽ ഉത്തരവ് ഇറക്കിയത് സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; ഇംഗ്ലീഷിൽ ഉത്തരവ് ഇറക്കുവാൻ നിർദ്ദേശിച്ചത് ആരെന്ന് വ്യക്തമാക്കുമോ; | (എ) | ഈ വിഷയം സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് (റിട്ട.) ശ്രീ.കെ.ശശിധരൻ നായർ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ഇംഗ്ലീഷിലുള്ള റിപ്പോർട്ടിലെ (മൂന്ന് വോള്യം) ശിപാർശകൾ അംഗീകരിച്ചു കൊണ്ടാണ് 03/01/2020-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മന്ത്രിസഭാ തീരുമാന പ്രകാരം ഉടനടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതിനാലും, മൊഴിമാറ്റം നടത്തുന്നതിന് കൂടുതൽ സമയം വേണ്ടിവരുമെന്നതിനാലുമാണ് റിപ്പോർട്ടിലെ ശിപാർശകൾ മൊഴിമാറ്റം നടത്താതെ അംഗീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച തുടർ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പ്, പൊതുഭരണ | (ബി)യും (സി)യും | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള സംവരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് |

| | | | |
|---|---|---|---|
| | (കോർഡിനേഷൻ) വകുപ്പ് എന്നിവർ പ്രത്യേകം ഉത്തരവ് ഇറക്കുമെന്ന് പറയുന്നുണ്ടെന്നത് ഏതെല്ലാം വകുപ്പുകളിലെ നിയമനങ്ങളിലെ സംവരണത്തെയാണ് സൂചിപ്പിക്കുന്നത്; | | പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുള്ളത്. പൊതുമേഖല സ്ഥാപനങ്ങളിലെ നിയമന സംവരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. മുന്നാക്ക സംവരണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുന്നതിനാണ് പൊതുഭരണ (കോർഡിനേഷൻ) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. സർക്കാർ നിയമനങ്ങളിലെ സംവരണം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പാണ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. |
| (സി) | മേൽപ്പറഞ്ഞ വകുപ്പുകൾ അല്ലാത്ത വകുപ്പുകളിലെ സംവരണം സംബന്ധിച്ച് ഉത്തരവ് ഏത് വകുപ്പാണ് ഇറക്കുന്നത്; വ്യക്തമാക്കുമോ; | | |
| (ഡി) | സർക്കാർ വകുപ്പ് അല്ലാത്ത പൊതുമേഖല സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ പ്രൊജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ ഈ ഉത്തരവ് ബാധകമാണോ; വ്യക്തമാക്കുമോ? | (ഡി) | സർക്കാർ വകുപ്പുകളും, ഭൂരിഭാഗം ഓഹരികൾ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും ഒഴികെയുള്ള സ്ഥാപനങ്ങളിലെ നിയമന സംവരണം കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ